## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ജൻഷി.പി.ബി യ്ക്ക് ഗ്രാമവികസന വകുപ്പിൽ അന്തർവകുപ്പ് സ്ഥലമാറ്റം നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 373 /2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 09.02.2017.

---

പരാമർശം :
1. സ.ഉ. (പി) നം. 27/2013/ഉഭപവ, തീയതി 28/09/2013.
2. ശ്രീമതി.ജൻഷി.പി.ബി, ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II, അഡ്വക്കേറ്റ് ജനറൽ കാര്യാലയം സമർപ്പിച്ച 15/11/2016 ലെ അപേക്ഷ.
3. ഗ്രാമവികസന കമ്മീഷണറുടെ 20/12/2016 തീയതിയിലെ 19656/എസ്റ്റാ.ഡി4/16/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആസ്ഥാന ഒഴിവിൽ എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായി 01/03/2016 മുതൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി.ജൻഷി.പി.ബി, ഗ്രാമവികസന വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലമാറ്റം നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം (2) ലെ അപേക്ഷ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

കോഴിക്കോട് ജില്ലയിൽ ഗ്രാമവികസന വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒരു ഒഴിവ് അന്തർ വകുപ്പ് -അന്തർ ജില്ലാ സ്ഥലമാറ്റത്തിന് നീക്കി വച്ചിട്ടുണ്ടെന്ന് പരാമർശം (3) പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിന് ജില്ലാതല ഓഫീസ് ഇല്ല. പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി കോഴിക്കോട് ജില്ലയിൽ നിന്നും

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആസ്ഥാന ഒഴിവിൽ എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.ജൻഷി.പി.ബി യ്ക്ക് ഗ്രാമവികസന വകുപ്പിൽ കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർവകുപ്പ് - അന്തർജില്ലാ സ്ഥലമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ.എം**
**അണ്ടർ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറി, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം.
3) ശ്രീമതി.ജൻഷി.പി.ബി, ഓഫീസ് അറ്റൻഡന്റ്, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ, (എ&ഇ), എറണാകുളം
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ